MR. K. RAMAKRISHNA PILLAI: അതിനുശേഷം ഉൽപ്പാദനം വർദ്ധിക്കുന്നതിന് ഗവണ്മെൻറിന്റെ ഭൂമതലയിൽ വല്ലതും ചെയ്തിട്ടുണ്ടോ?

HON'BLE MR. K. M. KORAH: പ്രക്കാട്ട് ഒരു Experimental station സ്ഥാപിച്ചിട്ടുണ്ട്. അതു് ഉപകാരപ്രദമാണെന്നു ബോദ്ധ്യമുണ്ട്.

MR. K. RAMAKRISHNA PILLAI: അതെന്നായിരുന്നു?

HON'BLE MR. K. M KORAH: തീയതി അറിഞ്ഞുകൂടാ.

വളം ക്രോപ്പ് ലോണിന്മേൽ കൊടുക്കണമെന്ന നിവേദനം.

516. MR. K. RAMAKRISHNA PILLAI: താഴെ പറയുന്ന ചോദ്യത്തിനു ബഹു. കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

കുട്ടനാട്ടിലെ കൃഷിആവശ്യത്തിനു വളം ക്രോപ്പ്ലോണിന്മേൽ തിരികെടുക്കണമെന്ന കാണിച്ചു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

HON'BLE MR. K. M. KORAH: കുട്ടനാട്ടിൽ കൃഷിക്കാവശ്യത്തിനു വളം ക്രോപ്പ് ലോണിന്മേൽ കൊടുക്കണമെന്ന കാണിച്ചു് നിവേദനം ലഭിച്ചിട്ടില്ല. എന്നാൽ വളം ക്രോപ്പു ലോണിന്മേൽ കൃഷിക്കാർക്കു് നൽകുന്നതിനു് വേണ്ട വ്യവസ്ഥകൾ ഗവണ്മെൻറു് ചെയ്തിട്ടുണ്ടു്.

MR. VARGHESE AUGUSTINE: ഒരു വളം ഡിപ്പോ കുട്ടനാട്ടിൽ സ്ഥാപിക്കാൻ വേണ്ട ഏർപ്പാടു് ചെയ്യുമോ?

HON'BLE MR. K. M. KORAH: കുട്ടനാട്ടിലെ മിക്ക ഭാഗങ്ങളിലും പ്രത്യേകം പ്രത്യേകം താലൂക്കുകളിൽ വളം ഡിപ്പോകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടു.

MR. K. RAMAKRISHNA PILLAI: അടുത്ത കൃഷിക്കു മുമ്പായി തുറക്കുന്നതിനു സാധിക്കുമോ?

HON'BLE MR. K. M. KORAH: ശ്രമിക്കുന്നതായിരിക്കും.

മറയിൻ ഓൺ ഫിഷറീസ് പ്രൊഫസർ, ഡാക്ടർ സി. സി.

ജാണിനു സെസി ആയിൽ മില്ലുമായുള്ള ബന്ധം.

517 MR. WILSON PETER (*Shertalai III—Latin Catholic*): താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ) മറയിൻ ആൻറ് ഫിഷറീസ് പ്രൊഫസർ, ഡാക്ടർ സി. സി. ജാണിനു തിരുവനന്തപുരത്തുള്ള സെസി ആയിൽ മില്ലുമായി എന്തെങ്കിലും ബന്ധമുണ്ടോ?

(ബി) പ്രസ്തുത മില്ലിൻെറ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥനു ഫിഷാഡിപ്പാർട്ടുമെൻറുമായി എന്തെങ്കിലും ബന്ധമുണ്ടോ?

HON'BLE MR. K. M. KORAH: (എ) ഉള്ളതായിട്ടു അറിവില്ല.

(ബി) ഇല്ല.

Quilon—Aroor Route.

518. MR. KANNARA GOPALA PANICKER (*Thiruvalla II—General*): Will the Honourable Minister for Transport be pleased to state:

(*a*) whether any recommendation has been made to Government by the Transport Advisory Committee to take over the Quilon-Aroor route entirely under the State Transport service; and

(*b*) if the answer to (*a*) is in the affirmative the date or date of such recommendation and the action taken thereon?

HON'BLE MR. A. ATCHUTHAN: (*a*) Yes.

(*b*) The taking over of the entire services from Quilon to Alleppey and Aroor was recommended by the Committee when it met on 20-3-1123. Express service was introduced in the Quilon Alleppey route on the 1st November 1947 and was extended to Aroor on 24th June 1948.

MR. KANNARA GOPALA PANICKER: ഗവണ്മെൻറിൻെറ അവശ്യമനുസരിച്ചുണ്ടോ റെക്കമെൻേറഷൻ അയച്ചതു?

HON'BLE MR. A. ATCHUTHAN: അതിനു നോട്ടീസ് വേണം.

MR. KANNARA GOPALA PANICKER: ആ റെക്കമെൻേറഷൻ അനുസരിച്ചു പ്രവർത്തിക്കാതിരിക്കാൻ വല്ല കാരണവുമുണ്ടോ?

HON'BLE MR. A. ATCHUTHAN: ആ റൂട്ട് എടുക്കുന്നതിനു ചില വൈഷമ്യങ്ങളെല്ലാം ഉണ്ട്. പെട്രോൾ പൊസിഷൻ അഭിവൃദ്ധിപ്പെട്ടാൽമാത്രമെ എൻറയർ ലൈനും എടുക്കാൻ സാധിക്കുകയുള്ളു.

MR. K. RAMAKRISHNA PILLAI: ആലപ്പുഴ-അരൂർലൈനിൽ രണ്ടു ബസ്സുകൂടി ഇടാൻ സാധിക്കുമോ?

HON'BLE MR. A. ATCHUTHAN: അതേപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly